**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3407** | **19/10/2016-ൽ മറുപടിയ്ക്ക്.**

## പാലിന്റെയും പാൽ ഉല്പന്നങ്ങളുടേയും ഗുണമേന്മ പരിശോധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ഇ .കെ വിജയൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) | പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ഉരുക്കളെ കർഷകർക്ക് നല്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പാലിന്റെയും പാൽ ഉല്പന്നങ്ങളുടെയും സംസ്ഥാനത്ത് വിറ്റഴിക്കുന്ന കാലിത്തീറ്റയുടേയും ഗുണമേന്മ പരിശോധിയ്ക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ്. സംസ്ഥാനത്തുള്ളതെന്ന് അറിയിക്കുമോ ; | (ബി) | സംസ്ഥാനത്ത് 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ വിവിധയിനം പാൽ സാമ്പിളുകൾ സ്ഥിരമായി പരിശോധിച്ചു വരുന്നു. പ്രാഥമിക സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകരുടെ പാലിന്റെ ഗുണമേന്മ സംഘങ്ങളിൽ എത്തി ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നു. ഉപഭോക്തൃ മുഖാമുഖം പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. പൊതു ജനങ്ങൾക്ക് അവർ ഉപയോഗിക്കുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കു-ന്നതിന് ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ലാബുകളിൽ സംവിധാനം നിലവിലുണ്ട്. പ്രാഥമിക ക്ഷീരസംഘങ്ങിൽ സംഭരിക്കുന്ന പാലിന്റെ ഗുണമേന്മ എല്ലാ |

ദിവസങ്ങളിലും പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതര സംസ്ഥാനത്തു നിന്ന് കൊണ്ടുവരുന്ന മുഴുവൻ പാലിന്റെയും ഗുണ നിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ഓണക്കാലത്ത് മാത്രമായി താത്കാലികമായ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ച് പാലിന്റെ ഗുണമേന്മ ഉറപ്പ വരുത്തുന്നുണ്ട്. സംസ്ഥാനത്ത് ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള കേരളാ ഫീഡ്സ് എന്ന സ്ഥാപനവും കൂടാതെ സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റയുടെ ഗുണമേന്മ പരിശോധിക്കുന്നതിന് ക്ഷീര വികസന വകുപ്പിന്റെ കീഴിൽ NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷനോടു കൂടിയ ലാബും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) ഓണക്കാലത്ത് ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത് ?

(സി) ചെക്ക്പോസ്റ്റുകളിൽ പാൽഗുണമേന്മ പരിശോധിക്കാൻ സ്ഥിരമായി സംവിധാനമില്ല.ഓണക്കാലത്ത് മാത്രം കേരളത്തിലേയ്ക്ക് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് പാറശ്ശാല, ആര്യങ്കാവ്, കമിളി, വാളയാർ, മീനാക്ഷിപുരം എന്നീ 5 ചെക്ക്പോസ്റ്റുകളിൽ താത്കാലിക സംവിധാനം ഏർപ്പെടുത്തിയിരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബിൽ പരിശോധിച്ച് നിശ്ചിത ഗുണനിലവാരം ഇല്ലാത്തതോ, മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യ

സുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്



സെക്ഷൻ ഓഫീസർ.